jafarelkd@gmail.com



ജഅ്ഫര്‍ എളമ്പിലാക്കോട്

# നേതൃത്വമില്ലാതെ ഇസ്‌ലാമില്ല

**عَنْ عَبْدِ اللهِ بن عَمْرو رضي الله عنه قَالَ: قَالَ رَسُولُ اللهِ (ﷺ): لا يَحِلُّ لِثَلاثَةٍ يَكُونونَ بِفَلاةٍ مِنَ الأَرْضِ إلاَّ أَمَّرُوا عَلَيْهِمْ أَحَدَهُمْ**

**അബ്ദുല്ലാഹിബ്‌നു അംറി(റ)ല്‍നിന്ന്: പ്രവാചകന്‍(സ) പറഞ്ഞു: "ഒരു വിജനപ്രദേശത്ത് മൂന്നാളുകളുണ്ടെങ്കില്‍ അവരില്‍ ഒരാളെ നേതാവായി തെരഞ്ഞെടുക്കാതെ മുന്നോട്ടുപോവാന്‍ അവര്‍ക്ക് അനുവാദമില്ല" ***

നേതൃത്വമില്ലാത്ത സമൂഹം ഇടയനില്ലാത്ത ആട്ടിന്‍പറ്റത്തെപ്പോലെയാണ്. നയിക്കാനും നിയന്ത്രിക്കാനും ഒരു നേതാവ് കൂടിയേ തീരൂ. അപഥ സഞ്ചാരങ്ങളില്‍നിന്ന് സമൂഹത്തെ തടഞ്ഞുനിര്‍ത്താനും നേര്‍വഴിയില്‍ മുന്നോട്ടു നയിക്കാനും ഒരു നേതൃത്വമില്ലാതെ കഴിയില്ല. അതിനാല്‍ നേതൃത്വത്തെ തെരഞ്ഞെടുക്കുക എന്നതാണ് ഏതൊരു സമൂഹത്തിന്റെയും ജീവിത വഴിയിലെ മുഖ്യമായ ചുമതലകളില്‍ ഒന്ന്.

ദീനില്‍ മറ്റെന്തിനേക്കാളും പ്രധാനമാണ് നേതൃത്വം. കുടുംബത്തിന് ഒരു നാഥനുണ്ടായിരിക്കുക എന്നതുപോലെ ഗൗരവമാര്‍ന്നതാണത്. നോക്കാനാളില്ലാത്ത കുടുംബങ്ങള്‍ അനൈക്യത്തിലും അന്തഃഛിദ്രതയിലും പെട്ട് നാമാവശേഷമായിപ്പോവുന്നതുപോലെ നേതൃത്വമില്ലാത്ത സമൂഹങ്ങളും കാലക്രമത്തില്‍ സ്വയം ഇല്ലാതായിപ്പോവുകയാണ് ചെയ്യുക.

തന്റെ സമൂഹത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്നു പ്രവാചകന്‍(സ). അവിടുത്തെ മാര്‍ഗദര്‍ശനവും തീരുമാനവുമില്ലാതെ അനുചരന്മാര്‍ ഒന്നും ചെയ്യാറുണ്ടായിരുന്നില്ല. മുഴുസമയവും റസൂല്‍(സ) തന്നെയായിരുന്നു അവരുടെ നേതാവ്. എപ്പോഴും പ്രവാചകന്‍ അവരുടെ കൂടെയുണ്ടാവും. യുദ്ധത്തിനോ മറ്റോ വേണ്ടി മദീന വിട്ട് പുറത്തുപോവേണ്ടിവരുമ്പോള്‍ പകരം ഒരാളെ തല്‍സ്ഥാനത്ത് നേതാവായി നിശ്ചയിക്കാതെ അവിടുന്ന് യാത്ര പുറപ്പെടാറുണ്ടായിരുന്നില്ല. അനുചരന്മാര്‍ മാത്രമുള്ള യാത്രകളാണെങ്കില്‍ ഏതെങ്കിലും ഒരു പ്രമുഖ സ്വഹാബിയെ പ്രവാചകന്‍ അവര്‍ക്ക് നേതാവായി നിശ്ചയിച്ചു കൊടുക്കും. ഇപ്രകാരം തന്റെ അനുചരന്മാരെ സദാ സമയവും നേതൃത്വം കൂടെയുള്ള ഒരു സമൂഹമാക്കി അവിടുന്ന് വളര്‍ത്തിയെടുക്കുകയുണ്ടായി. എത്രത്തോളമെന്നാല്‍ ചരിത്ര പ്രധാനമായ ഉഹുദ് യുദ്ധത്തില്‍ തന്റെ ഏതാനും വാര അകലെ ജബലുര്‍റുമാത്ത് എന്ന പര്‍വത ശിഖരത്തില്‍ വില്ലാളികളായ 50 പേരെ കാവല്‍ സൈന്യമായി അണിനിരത്തിയപ്പോള്‍ പോലും, തന്നില്‍ നിന്ന് അവര്‍ അല്‍പം അകലെയാണ് എന്ന കാരണത്താല്‍ ഒരു നേതാവിനെ (അബ്ദുല്ലാഹിബ്‌നു ജുബൈര്‍) റസൂല്‍(സ) അവര്‍ക്ക് നിര്‍ണയിച്ചുകൊടുക്കുകയുണ്ടായി. പില്‍ക്കാലത്ത് നബി(സ)യുടെ നിര്യാണത്തെത്തുടര്‍ന്ന് ഇസ്‌ലാമിക സമൂഹത്തിന് നേതൃത്വം നഷ്ടപ്പെട്ടപ്പോള്‍ പുതിയ നേതാവിനെ തെരഞ്ഞെടുക്കുന്നതുവരെ തിരുശരീരം മറവ് ചെയ്യാതെ മാറ്റിവെക്കുകയാണ് സ്വഹാബികള്‍ ചെയ്തത്. നേതൃത്വത്തിന് ദീനിലുള്ള വമ്പിച്ച പ്രാധാന്യത്തെയാണ് ഇതെല്ലാം അടയാളപ്പെടുത്തുന്നത്.

നേതൃത്വത്തോടുള്ള ബൈഅത്ത് (അനുസരണ പ്രതിജ്ഞ) കഴുത്തിലില്ലാതെ മരണപ്പെടുന്നവരെ കുറിച്ച് പ്രവാചകന്‍(സ) പറഞ്ഞതിതാണ്: "ഇസ്‌ലാമിക നേതൃത്വത്തോടുള്ള അനുസരണ പ്രതിജ്ഞ കണ്ഠത്തിലില്ലാതെ ഒരാള്‍ മരണപ്പെട്ടാല്‍ ജാഹിലിയ്യാ മരണമാണ് അയാള്‍ വരിക്കുന്നത്" (മുസ്‌ലിം 1851). ഉമര്‍(റ) പറഞ്ഞു: "സംഘടനയില്ലാതെ ഇസ്‌ലാം നിലനില്‍ക്കുകയില്ല; നേതൃത്വത്തിന്റെ അഭാവത്തില്‍ സംഘടനയും നിലനില്‍ക്കുകയില്ല" (ദാരിമി 253).

ഇസ്‌ലാമിക സമൂഹത്തിന് ഒരു നേതൃത്വത്തിന്റെ ആവശ്യമില്ലെന്നും ഖുര്‍ആന്‍ കൊണ്ട് ഓരോരുത്തരും സ്വയം വിധികല്‍പിച്ച് ജീവിക്കുകയാണ് വേണ്ടതെന്നും ചരിത്രത്തില്‍ ആദ്യമായി വാദിച്ചത് ഖവാരിജുകളാണ്. നാലാം ഖലീഫ അലി(റ)ക്കെതിരില്‍ രംഗത്തുവന്ന അവരെക്കുറിച്ച് അദ്ദേഹം പറഞ്ഞതിപ്രകാരമാണ്: "ഇസ്‌ലാമിക സമൂഹത്തിന് നേതൃത്വം വേണ്ടതില്ല എന്നാണിവര്‍ വാദിച്ചുകൊണ്ടിരിക്കുന്നത്. യഥാര്‍ഥത്തില്‍, നല്ലതാവട്ടെ ചീത്തയാവട്ടെ മുസ്‌ലിംകള്‍ക്ക് ഒരു നേതാവ് കൂടിയേ കഴിയൂ" (*അല്‍ മിലലു വന്നിഹല്‍* 1/55).

നബി(സ) പറഞ്ഞു: "മൂന്നു പേര്‍ ഒരു യാത്ര പുറപ്പെടുകയാണെങ്കില്‍ പോലും അവരില്‍ ഒരാളെ നേതാവായി തെരഞ്ഞെടുക്കേണ്ടതാണ്" (അബൂദാവൂദ് 2608, ബൈഹഖി 5/257). അല്ലാമാ ശൗകാനി(റ) വിശദീകരിക്കുന്നു: "മൂന്നോ അതില്‍ കൂടുതലോ ആളുകളുണ്ടെങ്കില്‍ അവര്‍ തങ്ങളില്‍ ഒരാളെ നേതാവായി തെരഞ്ഞെടുക്കണമെന്നതിന് ഇസ്‌ലാമില്‍ നിയമമുണ്ടെന്ന് ഈ ഹദീസുകള്‍ വ്യക്തമാക്കുന്നു. എന്തുകൊണ്ടെന്നാല്‍ ഭിന്നിപ്പില്‍ നിന്നുള്ള രക്ഷ അതിലാണ് കുടികൊള്ളുന്നത്. വിജന സ്ഥലത്തോ യാത്രയിലോ ഉള്ള മൂന്നു പേരെ കുറിച്ചു പോലും ശരീഅത്ത് വിധി ഇങ്ങനെയാണെങ്കില്‍ ഗ്രാമങ്ങളിലും പട്ടണങ്ങളിലും അധിവസിക്കുന്നവരും, പരസ്പരമുള്ള അക്രമങ്ങള്‍ക്കും ശണ്ഠകള്‍ക്കും പരിഹാരം കാണാന്‍ സദാ ആവശ്യം നേരിടുന്നവരുമായ വലിയ സമൂഹത്തിന് ഈ നിയമം കൂടുതല്‍ ബാധകവും അനിവാര്യവുമത്രെ" (*നൈലുല്‍ ഔത്താര്‍* 294). ■

* ഇമാം അഹ്മദ്(റ) തന്റെ 'മുസ്‌നദി'ല്‍ ഉദ്ധരിച്ചതാണ് ഈ തിരുവചനം. ഇതിന്റെ നിവേദക പരമ്പര 'സ്വഹീഹ്' ആണെന്ന് പ്രമുഖ ഹദീസ് പണ്ഡിതന്‍ ശൈഖ് അഹ്മദ് ശാക്കിര്‍ സാക്ഷ്യപ്പെടുത്തുന്നു (മുസ്‌നദ് 6647)